# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4644** **18/12/2014-ൽ മറുപടിക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്ന മണ്ഡലങ്ങളിൽ ഓരോന്നിലും നടന്നുവരുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നൂതനവും വ്യത്യസ്തവുമായ പദ്ധതികൾ/പരിപാടികൾ എന്തെല്ലാം; | (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കി വരുന്ന അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടന്നു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹു. എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾതലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടരിക്കുന്നു. |
| (ബി) ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന പ്രസ്തുത വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദാംശം പ്രോജക്ട് റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ; | **(ബി)** സമഗ്രവിദ്യാഭ്യാസ പദ്ധതി 56 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കി വരുന്നു. അതിൽ 7 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണവും 4 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 45 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ |

പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു.

| | |
|---|---|
| (സി) സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സീമാറ്റിന്റെ മേൽനോട്ടത്തിൽ ഇതുവരെ എത്ര തവണ അവലോകനം നടന്നിട്ടുണ്ടെന്നും അവലോകനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (സി) കൊയിലാണ്ടി അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്റ്റ് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ **പ്രഥമാദ്ധ്യാപകർക്ക്** സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായി കഴിഞ്ഞു. പ്രോജക്റ്റ് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹു. എം.എൽ.എ അദ്ധ്യക്ഷനായ നിയോജകമണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു. |
| (ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്ന കൊയിലാണ്ടിയിൽ RMSA, SSA എന്നീ സംവിധാനങ്ങളും വിദ്യാഭ്യാസ വകുപ്പും വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതി നടത്തിപ്പ് സംവിധാനത്തിന്റെ ചെയർമാൻ കൂടിയായ എം.എൽ.എ യോടുകൂടി ആലോചിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമെന്ത് ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sreedev

**സെക്ഷൻ ഓഫീസർ**